


# ഗവൺമെന്റ് ഹൈസ്കൂൾ ഇടക്കൊച്ചി

# ഉള്ളടക്കം


| | |
|---|---|
| ഇത് ഞങ്ങളുടെ വാക്ക് | 5 |
| സന്ദേശം-പ്രധാനാധ്യാപിക | 6 |
| ദീപ്തസ്മരണയിൽ | 7 |
| എന്റെ സ്കൂൾ | 8 |
| പ്രളയത്തിലെ നിലവിളികൾ | 9 |
| ആരു നീ | 10 |
| പ്രളയകാലം | 11 |
| മലയാളം മറക്കുന്ന മലയാളി | 12 |
| അക്ഷര മിഠായി | 13 |
| കുഞ്ഞു മനസ്സിന്റെ താളങ്ങൾ | 14 |
| My New School | 15 |
| Teacher | 16 |
| Challenge faced by our people | 17 |
| വർണ്ണത്തുമ്പികൾ | 18 |
| बिल्ली माँ | 19 |
| രണ്ട് മിനിക്കഥകൾ | 20 |
| വിനോദയാത്ര | 21 |
| സ്വാതന്ത്ര്യപ്പുലരി | 23 |
| Earth Daughters | 24 |
| തിരിച്ചറിവ് | 25 |
| കാക്കയും കുറുക്കനും | 26 |
| About school | 27 |

| | |
|---|---|
| ബാല്യം | 28 |
| छाया | 29 |
| പ്രകൃതി ഭംഗി | 30 |
| ചക്രവ്യൂഹം | 31 |
| पौष्टिक आहार पर 'नारे' | 32 |
| നന്ദി ആരോടു ഞാൻ ചൊല്ലേണ്ടു | 33 |
| ഞങ്ങൾ ലിറ്റിൽ കൈറ്റുകൾ | 35 |
| हिंदी दिवस | 37 |
| Importance of teachers in our life | 39 |
| स्वतंत्रता दिवस | 40 |
| അമ്മ | 41 |
| സ്റ്റീഫൻ ഹോക്കിങ് - മൺമറഞ്ഞ ഇതിഹാസം | 42 |
| കാഴ്ചകൾ | 46 |

# വാക്ക്......

## ഇത് ഞങ്ങളുടെ വാക്ക്......

**വാക്കുകൾക്ക് പറയാനേറെയുണ്ട്.**

**അമ്മയെന്ന വാക്കിൽ ഉരുവം കൊണ്ട നമ്മുടെ സ്വത്വം......**

**കേൾക്കുന്ന ഓരോ വാക്കും ഓരോ പാഠങ്ങളാണ്.**
**അർത്ഥമറിയാതെ ഉച്ചരിച്ചും അർത്ഥമറിഞ്ഞ് ഉൾക്കൊണ്ടും**

**നമ്മളെ നമ്മളാക്കിയ വാക്കുകൾ!**

**അമ്മിഞ്ഞപ്പാലു പോലെ വാത്സല്യമേകാനും**
**മനസ്സ് തകർന്ന കൂട്ടുകാരന് സാന്ത്വനമേകാനും**
**അനീതിക്കെതിരെ പടവാളാകാനും**

**വാക്കിനു കഴിയും.**

**കൈവിട്ട അസ്ത്രം പോലെ അപകടകാരിയാകുന്നു**

**ഉച്ചരിക്കപ്പെട്ട വാക്കും.**

**പിശുക്കന്റെ നാണയം പോലെ സൂക്ഷിച്ചുപയോഗിച്ചാൽ**

**ഉക്തി ഉണ്മയുടെ പര്യായമാകും.**

**വാക്കിൽ സത്യം നിറയ്ക്കുക.....**

**സ്നേഹം നിറയ്ക്കുക.....**

**വാക്കിൻ കരുത്തിനാൽ വാനോളമുയരുക......**



**സ്നേഹപൂർവ്വം,**

**സജിതമോൾ കെ.എൻ.**

**സ്റ്റാഫ് എഡിറ്റർ.**



## സന്ദേശം

പൂഴിമണലിൽ കൈവിരൽ തുമ്പ് അമർത്തി എഴുതി തുടങ്ങിയ മലയാളി, കീബോർഡിൽ കൈവിരൽകൊണ്ട് വിസ്മയങ്ങൾ തീർക്കുന്ന ഡിജിറ്റൽ യുഗത്തിലാണ് നാം ജീവിക്കുന്നത്. എറണാകുളം ജില്ലയിലെ ആദ്യത്തെ സമ്പൂർണ്ണ ഹൈടെക് വിദ്യാലയം എന്ന ബഹുമതി നേടുകയും കുട്ടികൾക്ക് വിവരവിനിമയ സാങ്കേതിക വിദ്യയിൽ പ്രത്യേക പരിശീലനം നൽകുന്ന" ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ള നമ്മുടെ വിദ്യാലയം ഈവർഷത്തെ അക്കാദമിക പ്രൊജക്ടുകളിൽ ഒന്നായി ഡിജിറ്റൽ മാഗസിൻ നിർമ്മാണം തെരഞ്ഞെടുത്തിരിക്കുകയാണ്.

കുട്ടികളുടെ സർഗ്ഗ സൃഷ്ടികൾക്ക് കൂടുതൽ മിഴിവും ചാരുതയും ഏകി ഒരു നല്ല ഡിജിറ്റൽ മാഗസിൻ ഉണ്ടാവട്ടെ...... ഒപ്പം ജി.എച്ച്. എസ് ഇടക്കൊച്ചി യുടെ മുൻ തലമുറകൾക്ക്, ഇപ്പോഴും അവരുടെ പ്രിയപ്പെട്ട വിദ്യാലയത്തെ ഹൃദയത്തോട് ചേർത്ത് പിടിക്കുന്ന സുമനസ്സുകൾക്ക്, അവരുടെ പിൻ തലമുറയുടെ സൃഷ്ടികൾ വായിക്കാനുള്ള അവസരം ഉണ്ടാക്കണമെന്ന് ഇതിൻറെ അണിയറ ശിൽപികളോട് അഭ്യർത്ഥിക്കുന്നു.

ഇത് ഒരു തുടക്കമാണ്. ക്രമേണ, കുട്ടികളും അധ്യാപകരും അനധ്യാപകരും രക്ഷിതാക്കളും നമ്മുടെ സ്കൂളുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന എല്ലാവരും ചേർന്ന് ഒരു കൂട്ടായ്മയായി ഇത് മാറട്ടെ എന്ന് ആശംസിക്കുന്നു.

ഇന്ദിര പി.കെ.

ഹെഡ്മിസ്ട്രസ്സ്



# ദീപ്ത സ്മരണയിൽ

മലയാള സാഹിത്യാരാമത്തിലെ

ചെമ്പനീർ പുഷ്പമിതളടർന്നപ്പോൾ

തപ്ത ഹൃദയങ്ങൾ രാഗാർദ്രമായി

ഇവിടെയീ അശാന്തി പർവ്വത്തിൽ
സിംഹ ഗർജനമായി നിറഞ്ഞതും
വാക്കുകളിലൂടെ അറിവിൻ ഖനികളിൽ
വാഗ്മിയായ് പടയോട്ടം നടത്തിയും
ജ്വലിക്കുന്ന സൂര്യനായി നീയെങ്ങും നിറഞ്ഞു.....
സ്വകാര്യ ജീവിതപാതയിൽ എന്നും
ഏകനായി നടന്നുനീങ്ങിയതും
പ്രണയമാം തന്ത്രികളിൽ എപ്പോഴോ
രാഗാർദ്രമായൊരു സ്വരം കേട്ടതും
ആർദ്ര മൗനത്തിനകത്തു നിന്നു
പുഞ്ചിരി പൊഴിച്ചതും.....
സൗഹൃദങ്ങളെ ഹൃദയത്താൽ നീ
ചേർത്തു പിടിച്ചിരുന്നതും
ഇനി.... വെറും ഓർമ്മകൾ മാത്രം!



സാവിത്രി വി.

അദ്ധ്യാപിക



# എന്റെ സ്കൂൾ

അമ്മയെന്ന ആദ്യാക്ഷരം കുറിച്ച എൻ ബാല്യത്തിൽ
തോരാതെ പെയ്തു പോയി നിറമെല്ലാം
മങ്ങിയ പൂവുകൾക്കിടയിൽ ഞാൻ
തനിയെ നടക്കവേ
കിട്ടിയ സൗഭാഗ്യമാണ് എൻ
സ്കൂൾ അങ്കണം
പുതു ജീവനായി ടീച്ചർ ,കൂട്ടുകാർ
ഇതളിടും ആ ചെടിയിൽ ഒരു
പൂമൊട്ടായി വിരിയുവാൻ
ജഗദീശ്വരാ നീ അനുഗ്രഹിക്കൂ



ആർദ്ര എസ്

9B

# പ്രളയത്തിലെ നിലവിളികൾ

ആകെ ഒരു ബഹളം! കണ്ണു തുറക്കുമ്പോൾ വേണ്ടപ്പെട്ടതെല്ലാം നഷ്ടമായി കഴിഞ്ഞിരുന്നു. സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ കഴിയാതെപോയ ഒട്ടനവധിപേർ ഉറക്കെ കരയുന്ന അതിദയനീയമായ ഒച്ച ഞാൻ കേട്ടു. മനസ്സിൻറെ താളം തെറ്റിയ പോലുള്ള അവസ്ഥയായിരുന്നു അത്. എങ്ങോട്ട് പോകണമെന്നും എന്ത് ചെയ്യണമെന്നുമറിയാതെ മരവിച്ചു വിറച്ചു നിന്ന, ആ പ്രളയത്തിൽ അകപ്പെട്ട ഒരു വ്യക്തിയാണ് ഞാൻ.

മഴ അതിഭയങ്കരമായ നാശം തന്നെ വിതച്ചു. മഴയ്ക്ക് ആരോടോ ദേഷ്യം ഉണ്ടെന്ന് എനിക്ക് തോന്നി. പള്ളിക്കൂടത്തിന്റെ മുകളിലിരുന്ന് ഞാൻ വിദൂരതയിലേക്ക് നോക്കി........ റോഡുകൾ, സമുദ്രങ്ങൾ ആയി, കടകളും മറ്റു സ്ഥാപനങ്ങളും പകുതി മറഞ്ഞിരിക്കുന്നതു മാത്രം കാണാൻ കഴിയുന്നു.

ആരൊക്കയോ ചേർന്നാണ് എന്നെ ഇവിടെ എത്തിച്ചത്. അതുകൊണ്ട് മാത്രം ഞാൻ ഇവിടെ ഇങ്ങനെ ഇരിക്കുന്നു. അല്ലായിരുന്നെങ്കിൽ പ്രളയത്തിൽ പെട്ട് മരിച്ചു പോയവരുടെ ഇടയിൽ ഞാനും ഉണ്ടായിരുന്നേനെ. പക്ഷേ ഇപ്പോൾ തോന്നുന്നു, എന്നെയും കൂടി ആ പ്രളയം കൊണ്ടുപോയിരുന്നെങ്കിൽ, ഈ കാഴ്ചകളൊന്നും എനിക്ക് കാണേണ്ടി വരില്ലായിരുന്നു. വെള്ളത്തിൻറെ കാഠിന്യം ഞാൻ ഇന്നാണ് മനസ്സിലാക്കിയത്. കണ്ണടച്ചുതുറക്കും മുമ്പേ ഒരു പ്രദേശം മുഴുവൻ കടൽ പോലെ നിറഞ്ഞു. എൻറെ വീട്ടുകാരെല്ലാം സുരക്ഷിതരായിരുന്നു. അവർ വീട്ടിൽ ആയിരുന്നതുകൊണ്ട് ആരൊക്കെയോ അവരെ ദുരിതാശ്വാസ ക്യാമ്പിൽ എത്തിച്ചു. ഞാൻ കൂട്ടുകാരിയുടെ വീട്ടുമുറ്റത്ത് കളിക്കുകയായിരുന്നു. അയ്യോ , അത് പറഞ്ഞപ്പോഴാ ഓർക്കുന്നത് അവളെ ഞാൻ പിന്നീട് കണ്ടില്ല. ആരാണെന്നു മനസ്സിലായോ എൻറെ കൂട്ടുകാരി!

നിറഞ്ഞുകിടക്കുന്ന സമുദ്രത്തിന് അരികിൽ പൊളിഞ്ഞു വീഴാറായി നിൽക്കുന്ന പള്ളിക്കൂടത്തിന് മുകളിൽ ജനൽകമ്പികൾക്കിടയിലൂടെ പ്രളയത്തെ നോക്കിക്കാണുന്ന ഒരു കൊച്ചുകുട്ടിയെ ഞാൻ കണ്ടു. അവളുടെ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. ആ നിഷ്കളങ്കമായ മുഖത്ത് നോക്കി ഞാൻ ചോദിച്ചു' എന്തുപറ്റി മോളേ?' കുട്ടി വിറങ്ങലിച്ചു നിൽക്കുന്നതല്ലാതെ ഒന്നും മിണ്ടിയില്ല. ഞാനാ കുട്ടിയെ കൊണ്ടുപോയി അതിനാവശ്യമായ ആഹാരവും മറ്റും കൊടുത്തു.

ഞാൻ എൻറെ അമ്മയോട് ചോദിച്ചു.' ഈ പ്രകൃതിക്ക് എന്തുപറ്റി?' അമ്മയുടെ മുഖത്ത് ഒരു ഭാവമാറ്റവും ഞാൻ കണ്ടില്ല. ഞാൻ എല്ലാവരുടെയും മുഖത്തു കണ്ണോടിച്ചു .വളരെ ദയനീയമായ മുഖങ്ങൾ ആണ് ഞാൻ അവിടെ കണ്ടത്. പക്ഷേ എല്ലാ നഷ്ടമായി, ഒന്നും ബാക്കിയില്ല എന്ന് പറഞ്ഞു സങ്കടപ്പെട്ടിരിക്കുന്നവരെയും ഞാനവിടെ കണ്ടു. കടലോളം സ്നേഹം നിറഞ്ഞ നമ്മുടെ മത്സ്യത്തൊഴിലാളികളും ദുരിതാശ്വാസ പ്രവർത്തകരും ഒരുപാട് കഷ്ടപ്പെട്ടു. ആ കാഴ്ച എനിക്ക് ഏറെ ആവേശം നൽകി. ബി.ജെ.പിയും , കോൺഗ്രസ്സും, കമ്മ്യൂണിസ്റ്റും അങ്ങനെയെല്ലാം ഉള്ള വേർതിരിവും അവിടെ ഞാൻ കണ്ടതില്ല. ഞാൻ അവിടെയെല്ലാം നോക്കിക്കാണുമ്പോൾ നിലവിളികളുടെ അതിഭയങ്കരമായ ശബ്ദവും എൻറെ കാതുകളിലൂടെ കടന്നുപോയി. എന്തായാലും നടന്നത് നടന്നു. ഇനിയും മുന്നോട്ടുതന്നെ പോകാം എന്നുള്ള ചിന്തയിൽ ഞാൻ ആ വരാന്തയിൽ അങ്ങനെ ഇരുന്നു.



സീന ഭഗവത് സിംഗ്

10B

## ആരു നീ

ആയിരം കണ്ണുകൾ സങ്കടക്കടലായി

ആരൊരാൾ കൈത്താങ്ങിൽ ദീർഘങ്ങളായ്

ഓർമകൾ പൂക്കുന്ന ചോലകൾ എവിടെയോ

പാഠശാലകളിൽ പുസ്തകം എവിടെയോ

ആരുനീ, ആരുനീ പ്രകൃതി ആരുനീ

പാലകൾ പൂക്കുന്ന കാട്ടുകൾ

ഇന്നിതാ ആർത്തലച്ച് ഒഴുകുന്ന ആറുകൾ ആകവേ,

സുപ്രഭാതമോ ചന്ദന നിലാവോ

എന്നറിയുവാൻ കഴിയുമാറില്ലഹോ.



വിഷ്ണു പ്രഭ
9B

# പ്രളയകാലം

പ്രളയം കടന്നുപോയൊരു നാട്
പ്രളയത്തിൻ അടിമയായൊരെൻ നാട്
പ്രളയകാലം വന്നൊരെൻ കൊച്ചു നാട്
പ്രാർത്ഥനയോടെ കൈക്കൂപ്പുമെൻ നാട്
ഈശ്വരമനസ്സോടെ എൻ കൊച്ചു നാട്
സ്നേഹത്താൽ കൈകോർക്കുന്നൊരു നാട്
പ്രളയത്തിലാഴ്ന്നൊരു പതിനായിരങ്ങൾ
പ്രളയത്തെ തോൽപ്പിച്ച എൻ സുന്ദര നാട്



ഹെമില റോസ്
5A



# മലയാളം മറക്കുന്ന മലയാളി

ഇന്നത്തെ തലമുറയിലെ കുട്ടികൾ സ്വന്തം മാതൃഭാഷയെ തന്നെ മറന്നു കഴിഞ്ഞു . നമ്മുടെ ഭൂമിമാതാവിനെ വിശേഷിപ്പിക്കുന്ന ''അമ്മേ'' എന്ന ഉച്ചാരണവും മറന്നു. സ്വന്തം അമ്മയെ തന്നെ 'മമ്മി' ,'മോം' തുടങ്ങിയ ആംഗലഭാഷാപദങ്ങൾ ഉപയോഗിച്ചാണ് സംബോധന ചെയ്യുന്നത്.ഈ തലമുറയിലെ കുട്ടികൾ വിദേശ ഭാഷയായ ഇംഗ്ലീഷിൽ ആശ്രയിച്ചിരിക്കുന്നതാണ് നാം കണ്ടു വരുന്നത്.

മറ്റുള്ളവരുടെ മുന്നിൽ മാതൃഭാഷയായ മലയാളം സംസാരിക്കുമ്പോൾ തങ്ങളുടെ അഭിമാനം നഷ്ടപ്പെടുന്നതുപോലെയാണ് അവർക്ക് തോന്നുന്നത്. അത്ര വെറുത്തുതുടങ്ങി മലയാളഭാഷയെ !മലയാളിയെ സംബന്ധിച്ച് ഒരു വലിയ ഉത്സവമാണ് ഓണം. അന്ന് എല്ലാവരും വളരെ സന്തുഷ്ടരായിരിക്കും. എന്നാൽ ഇന്ന് പല കുട്ടികൾക്കും 'ഓണം'എന്താണ് എന്ന ധാരണപോലും ഉണ്ടാവില്ല.

താൻ ഒരു മലയാളിയാണെന്ന് പറയാൻ അപമാനം തോന്നുന്ന ചിലർ കേരളത്തിൽ തന്നെ ഉണ്ട്. നമ്മളാദ്യം അറിയേണ്ടത് മലയാളഭാഷ നമ്മുടെ അമ്മയാണെന്നാണ്. മലയാളഭാഷയെ വെറുക്കുന്ന ഓരോരുത്തരും സ്വന്തം പെറ്റമ്മയെയാണ് വെറുക്കുന്നത്. എന്നാൽ വേറെ ചിലരുണ്ട് മലയാളഭാഷ തന്റെ അഭിമാനമായി കാണുന്നവർ . നാം എല്ലാവരും അവരിൽ നിന്നു വേണം പഠിക്കാൻ. നമ്മളെല്ലാവരും മലയാളഭാഷയെ സ്നേഹിക്കുന്നവരാകണം. മറ്റുള്ളവർക്കു മുന്നിൽ മാതൃകയുമാവണം. എങ്കിൽ മാത്രമേ ഒരു മലയാളീ എന്ന നിലയിൽ നമുക്ക് അഭിമാനിക്കാനാവൂ.

ചിലരുണ്ട് കേരളത്തിൽ തന്നെ ജനിച്ചു വളർന്നിട്ടും അവരുടെ കുട്ടികളെ കൊണ്ട് അന്യഭാഷ സംസാരപ്പിക്കുന്നവർ. ഇങ്ങനെയുള്ളവരോട് എനിക്ക് ഒന്ന് ചോദിക്കാനുണ്ട്, നിങ്ങൾ എന്തിനാണ് മലയാളത്തെ ഇത്രയധികം വെറുക്കുന്നത് ? ഇങ്ങനെയുള്ള മാതാപിതാക്കൾ സ്വന്തം മക്കളുടെ അസ്ഥിത്വത്തെ തന്നെയാണ് ഇല്ലാതാക്കുന്നത്. താൻ എവിടെ ജനിച്ചു ? തന്റെ നാട് ഏതാണ് ? തന്റെ സ്വന്തം ഭാഷ ഏതാണ് ? എന്നൊക്കെ കുട്ടികൾ ചോദിക്കുമ്പോൾ മാതാപിതാക്കൾക്ക് പറയാൻ കഴിയണം. അതും അഭിമാനത്തോടെ .

ഇനി മുതൽ ഞങ്ങളുടെ സ്വന്തം ഭാഷയെ വെറുക്കില്ലെന്നും ഒരു മലയാളി എന്ന നിലയിൽ ഞങ്ങൾ അഭിമാനിക്കുന്നെന്നും കേരളമാതാവിന്റെ 62-മത് ജന്മവാർഷികത്തിൽ ഞങ്ങൾ ഓരോരുത്തരും പ്രതിജ്ഞ ചെയ്യുന്നു.



ആൻ എലിസബത്ത് എം.എസ്.
9B

# അക്ഷര മിഠായി

ഉച്ചക്കഞ്ഞിക്ക് കുഞ്ഞുങ്ങൾ തിങ്ങിക്കൂടും
തിരക്കിൽ ഞാൻ കാണുന്നു തിരിയാളുന്ന കൺകൾ
പടിവാതിൽക്കൽ പങ്കും പരിതാപമാം രൂപം
പതുക്കെ മന്ത്രിക്കുന്നു പട്ടിണി പരിഷ ഞാൻ!
വരളും ചുണ്ടിൽ പക്ഷേ വാക്കുകൾ മുളച്ചില്ല
നനവോലും മിഴി ആശകൾ മുളപ്പിച്ചു.
അറിവിൻ അക്ഷര മിഠായികൾ നുണയുവാൻ
വന്നതല്ലെന്നൊരു ഭാവവും മുഖത്തുണ്ട്.
പശിയേറും കുക്ഷി നിറയ്ക്കുവാനായി സ്വല്പം
നെടിയരിവറ്റില്ലെങ്കിൽ കഞ്ഞിവെള്ളവും പോരും
ഉച്ചതൻ തിളയ്ക്കുന്ന വെയിലിൽ പാകംചെയ്ത
വിശപ്പുണ്ടേറെയിന്നും കഞ്ഞിക്കു കൂട്ടാനായി
ഭാഷയേതുമാം വംഗദേശമോ തമിഴ് നാടോ
ഭാഷകൾക്കതീതമേ പശിയും പയ്യും നോവും
അരികേ വിളിച്ചു ഞാൻ, തെല്ലു സന്ദേഹമോടവനെത്തീ
അറിവിൻ പൂമുറ്റത്ത് പിച്ചവച്ചടുക്കുവാൻ.
തന്നിടാം ഉച്ചക്കഞ്ഞി നിനക്കും ഞാൻ നിത്യേന,
പാഠശാലയിൽ വന്ന് വിദ്യ നീ അർത്ഥിക്കുകിൽ
നൽകീടാം അമ്പത്തൊന്ന് അക്ഷരമിഠായികൾ,
കയ്ക്കുന്നതാദ്യം പക്ഷേ, ഇനിക്കുന്നെന്നേക്കും.
തലയാട്ടി നിൽക്കുന്നുണ്ടവനെന്തറിഞ്ഞിട്ടോ
അറിവിൻ പാരാവാരം കൺമുന്നിൽ തെളിഞ്ഞിട്ടോ?



ബിനിത പി. എം.
അധ്യാപിക

## കുഞ്ഞു മനസ്സിൻറെ താളങ്ങൾ

ആദ്യദിനത്തിൽ അമ്മയുടെയും അച്ഛന്റെയും കൈപിടിച്ച് എന്റെ അരികിൽ എത്തുന്ന ആ കുഞ്ഞ് താരകങ്ങളുടെ മുഖത്ത് വിടരുന്ന നേർത്ത പുഞ്ചിരിയും ചെറിയ ചിണങ്ങലുകളും ആകാംക്ഷയും എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. ആദ്യമായി അമ്മയെ പിരിഞ്ഞ് എത്തുന്ന അവർക്ക് ഞാൻ ആരോ ഒരാൾ മാത്രമാണ്. പിന്നെ പിന്നെ അവർ എന്നോട് കൂട്ടുകൂടാൻ തുടങ്ങും. അതിനിടയിൽ കുസൃതി കാണിക്കുമ്പോൾ എങ്ങാനും വഴക്കു പറഞ്ഞാലോ..... കരയാൻ തുടങ്ങും. അറിയാതെ എനിക്ക് ചിരി വരും. മടിയിൽ ഇരുത്തി കൊഞ്ചിക്കാൻ തോന്നും. ഞാൻ അവർക്ക് അമ്മയും കൂട്ടുകാരിയും അധ്യാപികയും ആയി മാറും.



എന്റെ കൈകളിൽ കിട്ടിയ ഒരു റോസാപ്പൂവിലെ ദളങ്ങൾ ആണ് അവർ. വിടർന്നുനിൽക്കുന്ന പൂക്കളെ പോലെയാണ് അവരുടെ മുഖത്തെ പുഞ്ചിരി. എന്നും നിറഞ്ഞു നിൽക്കട്ടെ ആ പാൽപ്പുഞ്ചിരി...

ആ കുഞ്ഞുമനസ്സുകൾ നമ്മെ ചിരിപ്പിക്കുകയും സങ്കടങ്ങൾ മറന്ന് നമുക്ക് മുന്നേറാൻ പ്രചോദനം തരുകയും ചെയ്യുന്നു.

അക്ഷരങ്ങൾ ആകുന്ന തേൻ കുടിച്ചു കൊണ്ട് പൂമ്പാറ്റകളെപ്പോലെ അടുത്ത പൂന്തോട്ടത്തിലേക്ക് അവർ പറന്നുപോകുന്ന നിമിഷത്തിൽ ഞാൻ ഏറെ സന്തോഷവും അഭിമാനവും അനുഭവിക്കുന്നു.



രേഖ സി.എസ്.

അധ്യാപിക.

# My new school



My new school is really a good experience in my life. I got a good friend who like me very much . I also got many more friends . I like my school very much . My favourite place , in my school is my classroom .Our class teacher is the best class teacher that I have ever seen . She is very supportive to all activities done by us. The teachers of the institution are very active and all the teachers teach well. My favourite teacher is Binitha teacher. She is very beautiful and she teaches IT very well. She is very friendly to all. I like this school more than my previous school.



**Archana K.S.**

**8B**

# Teacher

I am a learner a mere learner
Striving hard to be a teacher
Knowing the obstracles come ahead
Planning the objectives vivid ,I know

It's my duty to lead my learner
It's my role to inspire my learner
It's my right to answer my learner
Being a friend, philosopher and guide

Like a candle to light his way
I'll try my best everyday
Motivating by positive verbal
Prompting like a gentle breeze.



Shiji Paul

Teacher

# CHALLENGE FACED BY OUR PEOPLE

**People of Kerala faced a flood in 1924. At that time we did not depend others because on those days we had more unoccupied land to live in.. Buildings were less that time . So we did not face much fear , we did not face any nervousness as news channels were not available.**

**I watched a lot of news in the TV. Most of the news were fake. My heart beat was getting so high I did not know what do at that time . What would happen? The next day I saw so many camps were opened . Every one was in rescue camp none had the will power to face the disaster. Almost all homes were full of water .Nature blows both rich and poor alike at these times.**

**We destroyed our nature fully. No one can solve this problem for making money people are doing harm to nature . None cares Nature so people loses their houses. I helped people to clean their houses . I never thought flood would attack us like this. What to do people cried and cried for help . The only one relief was every body helped generously .**

**Divya singh**
**9 B**




## വർണ്ണത്തുമ്പികൾ

പൂമ്പാറ്റ പാറിക്കളിച്ചീടും പോലൊരു
ഉദ്യാനമാണെന്റെ ഒന്നാം ക്ലാസ്സ്

പുഞ്ചിരി പൂക്കൾ വിരിഞ്ഞു വിലസുന്ന
നിർമ്മലോദ്യാനമീ കുഞ്ഞു ക്ലാസ്സ്
ഭയമില്ലാതോടിയണയുന്ന കുഞ്ഞുങ്ങൾ
പറയുന്ന കഥകൾ കേട്ടീടും നേരം
ഭാവാത്മമാകുന്ന മുഖകാന്തി കണ്ടുഞാൻ
അമ്പരന്നീടുന്നു ചിന്തയാലേ
ഭയം ഏതുമില്ലാതെ ആശയം കൈമാറി
വളരുക നാടിന്നുണർവായ് നിങ്ങൾ
സ്നേഹം തുളുമ്പുന്ന മിഴികളും മൊഴികളും
എന്നും തിളങ്ങി വിളങ്ങിടട്ടേ....



ജനറ്റ് മരിയ
അദ്ധ്യാപിക

# बिल्ली माँ

बिल्ली माँ घर से निकली,
बस्ता ले बाज़ार चलीं।
बच्चे बोले, म्याऊ....म्याऊ...म्याऊ..
अम्मा हम भी साथ चलें।
अम्मा हम भी साथ चलें।
अम्मा....हम भी साथ चलें।





मेरी दया पी.एस.
छठीं कक्षा

# രണ്ടു മിനിക്കഥകൾ

## ദയ

ഒരു മരത്തിൻറെ കീഴെ ഒരു വൃദ്ധൻ ഇരിക്കുന്നു. അതാ ഒരു കുട്ടി അതുവഴി പോകുന്നു. ആ കുട്ടി ആ വൃദ്ധനെ കണ്ടു. അവൻ വൃദ്ധന്റെ നേരെ ഭക്ഷണം നീട്ടി .വൃദ്ധന്റെ കണ്ണ് നിറഞ്ഞു



അഥീന സുനിൽ

7A

## സ്വപ്നം

ഒരു കുട്ടി സ്വപ്നം കണ്ടു. അവനു കൊട്ടി കളിക്കാൻ ചെണ്ട കിട്ടുന്നത്. അത് അവന്റെ ആഗ്രഹമായിരുന്നു. ആ ദിവസം അവന്റെ മാമൻ അവനൊരു ചെണ്ട വാങ്ങിക്കൊടുത്തു.



ജീവ മരിയ

7A

# വിനോദയാത്ര



കാണാൻ എനിക്കൊന്നും ഏറെയിഷ്ടം
ഏറെനാൾ കേട്ടു കൊതിച്ച തീരം!
തീരം അണയാൻ കടമ്പ ഏറെ
എന്നാകിലും ഉണ്ണിക്കുണ്ടു മോഹം.

പഠിച്ച തീരണം പാഠങ്ങൾ, പിന്നെയോ
നോട്ടുപുസ്തകം പൂർത്തിയാക്കണം പോൽ!
വരുന്നു പരീക്ഷകൾ.....
എത്തി, പിൻവിളി ഗുരുക്കളുടെ....

ആയിരം രൂപയ്ക്ക് തുട്ട് വേണം
യാത്രാ ചിലവിലേക്കായി
ഓടിക്കിതച്ചു ഉണ്ണി വീട്ടിലെത്തി
അമ്മേ...
പോകണം എനിക്കും ഒരു ടൂർ!

എൻ കൂട്ടുകാരോടൊപ്പം,
ചില്ലിട്ട ബസ്സിൽ,
നക്ഷത്ര വർണ്ണങ്ങൾ , പാട്ടുകൾ
ചേർന്ന് ആടി പാടുവാൻ
കൂട്ടരോടൊത്തു പോകണം എനിക്കും ഒരു ടൂർ

ഉമ്മറത്തിണ്ണയിൽ കേൾക്കാം............
അച്ഛൻറെ കൊട്ടും കലാശവും!
ടൂർ പോകാൻ കണ്ടനേരം...........
കാണാനുള്ളത് ഈ ടിവിയിൽ ഇല്ലേ...............
ഇനിയെന്ത് മറ്റൊരു എഴുന്നള്ളത്ത്
മാഷന്മാർക്ക് ഒന്നും പണിയില്ല പോൽ
ചുമ്മാതിരുന്നു കല്പിക്കുവാൻ

കേൾക്കയായ് അമ്മതൻ

# വാക്ക്

പായാരം................
അരിയില്ല ,   റേഷൻ  വാങ്ങിയില്ല
മാസം കഴിഞ്ഞിടാൻ ഏറെ  ബാക്കി ഉണ്ണി .........
ഇല്ലായ്മയുള്ളവന്റെ   കാഴ്ചകളൊക്കെയും
ഉമ്മറത്തിണ്ണയിൽ ഒത്തുകൂടണം .....

അമ്മതൻ ചൊല്ലു കേട്ട് ഉണ്ണി  പതുങ്ങി
ഏട്ടൻ പോയാൽ വേണം
ഞങ്ങൾക്കും ടൂർ.....
ചൊല്ലി അനിയത്തി പെൺകിടാങ്ങൾ
ഉമ്മറത്തിണ്ണയിൽ   കൂനി ഇരുന്നു ഉണ്ണി
കുഞ്ഞു കിനാക്കളെ പുൽകി തേങ്ങി

പടിവാതിൽ അപ്പുറം നോക്കെത്താ ദൂരം
കാണാം നക്ഷത്ര കുഞ്ഞുങ്ങളും
ആരും നിഷേധിക്കാ കാഴ്ചയായി നീലാകാശവും........
ഉണ്ണി മനസ്സു മന്ത്രിച്ചു
ഇതുതന്നെ   ഞാൻ തേടിയ സ്വപ്നതീരം
എനിക്കായ് പ്രപഞ്ചം ഒരുക്കിയ ശാന്തിതീരം   !



സീനമോൾ കെ.ആർ.

അധ്യാപിക



## സ്വാതന്ത്ര്യപ്പുലരി

**സ്വാതന്ത്ര്യപ്പുലരിയിൽ......... എൻ നാട്**
**സ്വാതന്ത്ര്യത്തിൻ മാധുര്യം നുകരുമീ വേളയിൽ**
**ഓർക്കുക എത്ര കണ്ണുനീർത്തുള്ളികൾ**
**എത്ര ജീവന്റെ നിലവിളികൾ**

**കത്തിജ്വലിക്കുന്ന വിപ്ലവഗാനങ്ങൾ**
**ത്യാഗത്തിൻ മാറ്റേറും വീരഗാഥ**
**എത്രയോ കാലത്തെ യാതനകൾ**
**എത്രയോ നീണ്ട സമരവീര്യം**

**ഓർക്കുമ്പോൾ ആവേശത്തിര ഉയരും**
**കണ്ണുനീരിറ്റും കഥ പറയും**
**നന്മതൻ വഴി വിളക്കേന്തി നിൽക്കും**
**മഹനീയമാം എത്ര ജീവിതങ്ങൾ**

**കണ്ണിൻറെ ഇരുളിൽ മറയാതെ, മായാതെ**
**ഓർക്കുക എന്നും യുവതയെ നീ....**
**അവർതൻ ത്യാഗത്തിൻ കണ്ണുനീരിൽ**
**ജ്വാലയായ് മാറുക സ്വാതന്ത്ര്യമേ!**



**അതുല്യ ഷാജി**
10B

# Earth daughters

\

In the darkness of a night
The Earth is very angry
she is shouting her daughter

The shouting comes us as flood
the daughters of the Earth
Are very scared
And thy are crying to help them.

The trees and grass are -
Faced a big stage of a flood
But we can survive the flood
We are the earth's sons
we will face any stages of flood.



Vishnu prabha V.B

9 B

# തിരിച്ചറിവ്

ഞാൻ ഒരില......... തളിരില
ജരാനരകൾ സ്പർശിക്കാത്തവൾ
സുഖശീതളിമയിൽ രമിച്ചവൾ
പഴുത്തിലയെക്കണ്ട് അഹങ്കരിച്ചവൾ
പുഴുക്കുത്തേറ്റതിനോടോ, സഹതാപമറ്റവൾ
എങ്ങിനെയെന്നറിയില്ല.........
എപ്പോഴെന്നും......എങ്ങോട്ടെന്നും......!
പാഞ്ഞലച്ച ചെഞ്ചോരയിൽ
പ്രതിഷേധത്തിന്റെ പൊട്ടിത്തെറിയിൽ
മുങ്ങിത്താഴ്ന്ന്........ചോര വാർന്ന്
നീട്ടിക്കിട്ടിയെങ്കിൽ.................
പഴുത്തു മഞ്ഞളിക്കാൻ...........
സ്വയമടരാൻ.................
എങ്കിൽ.....എങ്കിൽ.....ഞാൻ.......



ചന്ദ്രലേഖ ടി.കെ.

അദ്ധ്യാപിക

# കാക്കയും കുറുക്കനും

ഒരു ഇടത്ത് ഒരു കാക്ക വിശന്നു വലഞ്ഞ് ഒരു മരക്കൊമ്പിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു നെയ്യപ്പം കണ്ടു കാക്ക നെയ്യപ്പം എടുത്തുകൊണ്ട് ഒരു മരക്കൊമ്പിൽ പോയിരുന്നു . അപ്പോൾ ഒരു കുറുക്കൻ വിശന്നു വലഞ്ഞ് നടക്കുകയായിരുന്നു .കുറുക്കൻ കാക്കയുടെ കയ്യിൽ നെയ്യപ്പം ഇരിക്കുന്നത് കണ്ടു. കുറുക്കന് നെയ്യപ്പം കണ്ടപ്പോൾ കൊതി വന്നു. കുറുക്കൻ കാക്കയുടെ കൈയിൽനിന്ന് നെയ്യപ്പം എടുക്കാൻ വേണ്ടി ഒരു സൂത്രം ഉപയോഗിച്ചു. കുറുക്കൻ കാക്കയോട് ചോദിച്ചു "കാക്കേ കാക്കേ നിന്റെ പാട്ടു കേൾക്കാൻ എന്തു രസമാണ്, നീ ഒന്നു പാടാമോ ?" കാക്ക പറഞ്ഞു , "ശരി". കാക്ക പാടിയതും കാക്കയുടെ വായിലിരുന്ന നെയ്യപ്പം താഴെവീണു. അപ്പോൾ കുറുക്കൻ ചെന്ന് നെയ്യപ്പം എടുത്തു കൊണ്ടുപോയി. കാക്ക നാണിച്ചു പോയി.




പുനരാഖ്യാനം

സഹ്ദ്

യു.കെ.ജി.

# About School



G .H. S. Edakochi is the first school in Ernakulam to have smart class .Here we have the opportunity to study more about computer .There are many other projects for students .One of them is little kites . It teaches about IT . There we have basketball court in our ground . We have L .P section , U .P section ,and high school section

Our headmistress gives us more ideas and projects to us. the teachers of this school teach us kindly and humbly . In our school we have a small garden . We all take care of it . We have IT lab . We have SARGA VELA for developing talents in us .

The students will get food from here. Though the number of students are less , the education that we get here is very good . We have a classroom library to read and learn. We also have a very good general library. We get news papers daily to know about what is happening around . All classes are provided with news papers . So I'm thankful for getting me the opportunity to learn here .



**Elroy Tom Antony**

**9 B**

## ബാല്യം

ബാല്യമെന്നൊരു വാക്കു ഞാനോർക്കുന്നു
പുഞ്ചിരി വിടർന്നൊരു ബാല്യകാലം
ഇന്നുമെന്നോർമ്മയിൽ വന്നെത്തുന്നു
മാമ്പഴം കഴിച്ചു നടന്ന കാലം
മധുവിന്റെ മധുവായ കാലം
എന്റെ ലാളിത്യമാർന്നൊരു കാലം
കുന്നിക്കുരുവും പെറുക്കിക്കുതിച്ചും
മാമ്പഴം ചപ്പിക്കുടിച്ചും കളിച്ചും
പാടത്തെ നെല്ലിൻ വരമ്പിൽ മദിച്ചും
കളകളം പാടുന്ന കിളികൾക്കൊപ്പം
ആഹ്ലാദത്തോടെ നടന്ന കാലം!



ജീവ മരിയ

7A

# छाया

"मम्मा, तुम्हें किस बात का डर ? मैं हूँ न, तुम्हारे साथ, छाया-सी ।"

मेरे सारे हम-दर्द, रिश्तेदार सब कहते - "यह तो बिलकुल तुम पर गयी है, वही नाक-नक्शे...। एकदम वही चाल-ढ़ाल भी।"



दरअसल कभी कभी संदेह में पड़ जाती थी कि वह मेरी छाया है या मैं उसकी......

इस महानगर के स्टुडियॉ अपार्टमेंट में लगभग अठारह सालों से......दिन-रात....तन-मन और दिमाग का हमसफ़र।

"तुम्हारे बिना मैं अधूरी हूँ, "बार-बार कहती थी वह। पर सच तो यह था कि मैं ही अधूरी थी उसके बिना।

कई बार उसी का चेहरा प्रमोशन से भी मुँह मोड़ने को मुझे मजबूर कर देती थी। सुबह -सवेरे के हलचल में, दोपहरी की आलस-भरी नींद में, रात की डरावनी निस्तब्धता में हम एक दूसरे की छाया बनतीं।

इस बीच न जाने कब......? बड़े सबेरे जब आँखें खुलीं, बिस्तर पर पड़े थे कुछ शब्द बिखरे......।

"मम्मा, ऐम वेरी सॉरी। तुम उसे कभी अपना नहीं पाओगी। पर उसके बिना मेरेलिए एक दिन भी.....। वो सदा कहते तुम मेरी छाया बन, साथ रही तो, मैं आसमान को छू सकता हूँ। मम्मा...उसके बिना मैं ही अधूरी हूँ। इसलिए........"

पता नहीं, कब मैं.....वो हो गया ! सच ही तो है , छायाएँ कभी किसी की छाया बनती है ?



चंद्रलेखा टी.के
अध्यापिका



## പ്രകൃതി ഭംഗി

മരതക  പച്ചപ്പായ്  ഉദിക്കുന്ന എൻ കേരളം
കണ്ണിനു കുളിരേകും  പച്ച മയം  നീ തന്നു...........
കാതോർത്തു നിൽക്കാൻ കടലിൽ  ഇരമ്പൽ നീ തന്നു
വർണ്ണ വിസ്മയമായി തീരാൻ   പുതുപുഷ്പദളങ്ങൾ നീ നിറച്ചു

പച്ചപ്പുൽ കൊടികൾ എങ്ങും പരക്കട്ടെ!
മധുര മന്ദസ്മിതം തൂകി നീ നിൽക്കുമ്പോൾ നിൻ
മനോഹാരിതയിൽ  മനം നിറഞ്ഞിതാ ഞങ്ങൾ
നീയൊരു അതിശയം..നീയൊരു വിസ്മയം..

ഇളംകാറ്റിൽ നെല്ലിൻ  കതിരുകളോടുമ്പോൾ
അതു നോക്കിനിൽക്കും
പൊന്നു പോലുള്ള സൂര്യൻ..............
എങ്ങും നീയൊരു അതിശയം....എന്നും നീയൊരു വിസ്മയം....



അമല യശ്പാൽ

8B

# ചക്രവ്യൂഹം

ചക്രവ്യൂഹം തകർത്തകമേ കടക്കാൻ
അമ്മതന്നുദരം പാഠശ്ശാലയാക്കി
പുറത്തെത്താൻ വെമ്പവേ വ്യൂഹം
വിഴുങ്ങിയോരഭിമന്യു നീ.....

മാതൃസ്നേഹത്താലമ്മയും പിതൃസ്നേഹത്താലച്ഛനും
തേങ്ങുന്നു.....വിങ്ങുന്നു ....നിനക്കായ്
നിറകൺമുന്നിലെ ചിരിതൂകും ചിത്രമായ്
തീർന്നൊരു നിശാശലഭത്തെ നോക്കി
മായാത്ത മൃദുസ്മേരം തിളങ്ങുന്ന
മുഖകമലമോർക്കുന്നു നിൻ...സ്നേഹിതർ...

ആരാണ് നിൻ സ്നേഹിതർ?....സഹപാഠികൾ?...
ദിനരാത്രങ്ങൾ തിരഞ്ഞൂ കാവലാൾ...!
കിട്ടീലൊരു തുമ്പും നിൻ സ്നേഹചക്രവ്യൂഹം
തകർത്തെറിഞ്ഞ പ്രിയരെ...

ഒരുനാൾ വർണ്ണശലഭമായ്....
പാറിപ്പറക്കാൻ കൊതിച്ച്....
ഒരു പ്യൂപ്പയായ് തപസ്സിരുന്നൊരാ
കൊച്ചുപുഴുവിനെ ലാഘവത്താലിരു-
ളിൻ മറവിലൊരുക്ഷണത്താൽ തീർത്ത
കാപാലികരോ .....? നിൻ സ്നേഹിതർ....?

പ്രതിഷേധക്കൂട്ടായ്മ, മാർച്ച്, സംഘർഷ
മെന്തിനീ കോലാഹലം....?
ഒരു സ്നേഹവലയം തീർത്തതിനുള്ളിൽ
ഹാ...........ചേർത്തിരുന്നെങ്കിൽ....



മേരി ഒ.ജെ.
അധ്യാപിക

## `पौष्टिक आहार` पर नारे

* शरीर को बलवान बनाओ,
समोसा और कोला को दूर भगाओ।

* कदम कदम बढ़ाए जा,
जंक फूड़ को भगाए जा।

* बाहर का भोजन कम करें,
माँ का भोजन ग्रहण करें।

* साफ-सफाई पर ध्यान दें,
भोजन संक्रमण-रहित रखें।

* आप जैसा खाते हैं, वैसे ही होते हैं।

* जंक-फूड़ को दूर भगाएँ,
अपने शरीर को स्वस्थ बनाएँ।

* भोजन है जीवन,
अन्न ही है परब्रह्म।

* अन्न न अपव्यय करें,
ज़रूरतमंद को दान करें।

* पोषक तत्व युक्त आहार खाएँ,
सदैव अच्छी सेहत पाओ।

* अपने शरीर का भी रखें ध्यान,
संतुलित आहार और व्यायाम से शरीर हो बलवान।



निवेदिता के.एस

दसवीं कक्षा

## നന്ദി ആരോട്ട ഞാൻ ചൊല്ലേണ്ടൂ...................!!!
## അധ്യാപകദിന ചിന്തകൾ!!!

നിയമന ഉത്തരവുമായി രണ്ടര വയസ്സുകാരനായ മകന്റെ കൈയും പിടിച്ച് അനുഗ്രഹം വാങ്ങാൻ ചെന്നപ്പോൾ "നിന്റെ മുന്നിലിരിക്കുന്ന കുഞ്ഞുങ്ങളുടെ മുഖങ്ങളിൽ എപ്പോഴും ഇവന്റെ മുഖം കാണാൻ നിനക്ക് കഴിയണം. നിന്റെ മകന് അവന്റെ അധ്യാപകരിൽ നിന്ന് എന്ത് കിട്ടണമെന്ന് നീ ആഗ്രഹിക്കുന്നുവോ അത് നിന്റെ കുഞ്ഞുങ്ങൾക്ക് നൽകുക. ബാക്കിയെല്ലാം കാലത്തിന്റെ കൈകളിൽ...." ഒരിക്കലും തെറ്റിക്കാൻ ധൈര്യം വരാത്ത വിധത്തിൽ ബോധമണ്ഡലത്തിൽ ഉറച്ചുപോയ വാക്കുകൾ...
കാലയവനികയ്ക്ക് അപ്പുറത്തു നിന്ന് ഇപ്പോഴും എനിക്ക് ആ മുഴങ്ങുന്ന ശബ്ദം കേൾക്കാം....അധ്യാപനമാണ് എന്റെ മകൾക്ക് ഏറ്റവും യോജിച്ചത് എന്ന് തിരിച്ചറിഞ്ഞ എന്റെ പ്രിയപ്പെട്ട അച്ഛന്.....

പഠിക്കാൻ പോകുന്ന ഒരു കുട്ടി സ്വന്തം വീട്ടിലും ഉണ്ടെന്ന് ഓർമ്മയില്ലാത്ത ഒരു ടീച്ചറ്....എന്ന് എപ്പോഴും പരിഭവിച്ചു കൊണ്ടിരുന്ന മുൻകോപക്കാരിയായ എന്റെ അമ്മയ്ക്ക്....

പേടി കൊണ്ട് ടീച്ചറിന്റെ ക്ലാസ്സിൽ ഇരിക്കാൻ വയ്യത്രേ, അതുകൊണ്ട് എന്റെ മോളെ ആ ക്ലാസ്സിൽ നിന്ന് മാറ്റുമോ എന്ന് ഹെഡ്മാസ്റ്ററോട് അപേക്ഷിക്കാൻ വന്ന അമ്മയുടെ മുഖം നൽകിയ ആഘാതം....ആ കുട്ടിയോട് ഞാൻ ഒന്നും ചെയ്തില്ലല്ലോ ഈശ്വരാ എന്ന തളർച്ചയിൽ ഒരു വെള്ളിയാഴ്ച വീട്ടിലെത്തിയപ്പോൾ പതിവു പോലെ ആശ്വാസക്കുളിരായി "അവർക്കുമുണ്ടാവില്ലേ പ്രശ്നങ്ങൾ ? അതു പറയാൻ ഒരവസരം അവർക്കും കൊടുക്കണ്ടേ ? എപ്പോഴും ഒരു ചെവി അവർക്കായി തുറന്ന് വെക്കുക..അധ്യാപിക മാത്രമല്ല, അമ്മ കൂടിയാകുക...എല്ലാ പ്രശ്നങ്ങളും തീരും" എന്ന് ധൈര്യം തന്ന , അത് സത്യമാണെന്ന് കാലത്തെക്കൊണ്ട് പറയിപ്പിച്ച ,എപ്പോഴും ഒരു ആശ്വാസക്കുളിരായി കൂടെ നിൽക്കുന്ന ജീവിതപങ്കാളിക്ക്.....

"അമ്മയ്ക്ക് എന്നേക്കാൾ ഇഷ്ടം അമ്മേന്റെ കുട്ടികളെയാ അല്ലേ " എന്ന് കണ്ണുകളിൽ മുഴുവൻ കുസൃതി നിറച്ച് ,കള്ളച്ചിരിയോടെ ഒരു എട്ടാം ക്ലാസ്സുകാരന്റെ കുസൃതിച്ചോദ്യം....
ശാസ്ത്രമേളയുടെ ഒരുക്കങ്ങൾക്കിടയിൽ ഒരു ഞായറാഴ്ച അമ്മയുടെ സ്കൂളിൽ നിന്ന് മടങ്ങവേ മകൻ കൂട്ടിച്ചേർക്കുന്നു., "അവര് പറയ്വാ..ടീച്ചറിന്റെ മോനായി ജനിക്കാൻ പറ്റിയതാടാ നിന്റെ ഭാഗ്യം എന്ന്...."ആ അഭിമാനത്തോടെ വളർന്ന് വലുതായി ഇപ്പോഴും അമ്മയുടെ കുട്ടികൾ എങ്ങനെ ?, ഞാനെന്തെങ്കിലും ചെയ്യേണ്ടതുണ്ടോ എന്ന് പണ്ടത്തെ അതേ കുസൃതിയോടെ അന്വേഷിക്കുന്ന എന്റെ പൊന്നു മോന്......

വർഷങ്ങൾ ഓരോന്നായി കൊഴിയവേ ...ഫോൺ വിളികളായ് ,വാട്സ് ആപ്പ് സന്ദേശങ്ങളായി , മറ്റുള്ളവരോടുള്ള അന്വേഷണങ്ങളായി...ആൾക്കൂട്ടത്തിനിടയിൽ മിന്നി മറയുന്ന ചിരിയായ് , പാഞ്ഞു പോകുന്ന ബസ്സുകളിൽ നിന്ന് വീശുന്ന കൈയായ് ....ഞങ്ങൾ ഇവിടൊക്കെത്തന്നെയുണ്ട് ടീച്ചർ എന്ന് ഇടയ്ക്കിടെ തെളിയുന്ന മുഖങ്ങൾക്ക്....

# വാക്ക്

നന്ദിയുടെ നിറകൺചിരിയുമായി മുന്നിൽ വന്നു നിന്ന അമ്മമാർക്കും, അച്ഛന്മാർക്കും...ഇടയ്ക്കെങ്കിലും കുറ്റപ്പെടുത്തലുകൾക്കിടയിൽ, ഇതൊന്നുമല്ല ടീച്ചറിൽ നിന്ന് ഞങ്ങൾ പ്രതീക്ഷിച്ചത് എന്ന് പരിഭവിച്ച തെമ്മാടിക്കൂട്ടങ്ങൾക്ക് .....

കുട്ടികൾക്കു വേണ്ടി സൗഹൃദങ്ങളെപ്പോലും തള്ളിപ്പറയേണ്ടി വന്നപ്പോൾ കൂടെ നിന്നവർക്ക്...

ധൈര്യപ്പെടുത്തലുകൾക്ക്....
കുറ്റപ്പെടുത്തലുകൾക്ക്....
പരിഹാസങ്ങൾക്ക്....
വിമർശനങ്ങൾക്ക്...
പ്രശംസകൾക്ക്.....
പ്രതീക്ഷകൾക്ക്....

എല്ലാറ്റിനും നന്ദി....നന്ദി....നന്ദി.....



ഇന്ദിര പി.കെ.

ഹെഡ്മിസ്ട്രസ്സ്

# ഞങ്ങൾ ലിറ്റിൽ കൈറ്റുകൾ



കൂട്ടുകാരെ, ഞങ്ങളാണ് കൊച്ചു പട്ടങ്ങൾ....അതെ, പട്ടങ്ങളെ പോലെ മാനത്ത് പാറിപ്പറക്കുകയാണ് ഞങ്ങൾ. പക്ഷേ ഐ.ടി. പഠനത്തിന്റെ രസകരമായ ചരടിലേറിയാണ് എന്നു മാത്രം.

കഴിഞ്ഞവർഷം മാർച്ചിലാണ് ഞങ്ങൾ ലിറ്റിൽ കൈറ്റിൽ ചേരാനുള്ള പരീക്ഷയെഴുതിയത്. ക്ലബ്ബിൽ അംഗത്വം കിട്ടിയപ്പോൾ അല്പം ആശങ്കയുണ്ടായിരുന്നു. ഈവർഷം ജൂൺ 19 നാണ് ഞങ്ങളുടെ ക്ലബ്ബിന്റെ ഔദ്യോഗിക ഉദ്ഘാടനം സ്കൂളിൽ നടന്നത്. പ്രകാശ് വി. പ്രഭു സാറാണ് ഉദ്ഘാടനം നടത്തിയത്. തുടർന്ന് അദ്ദേഹംതന്നെ ഒരു ദിവസത്തെ ക്ലാസ് ഞങ്ങൾക്കു നൽകി. രസകരമായ ഒരു ക്ലാസ്സ് ആയിരുന്നു അത്. പിന്നീട് എല്ലാ ബുധനാഴ്ചയും വൈകുന്നേരം നാലുമുതൽ അഞ്ചു മണി വരെയുള്ള സമയത്തായിരുന്നു പരിശീലനം.

ഞങ്ങൾ എന്തൊക്കെയാണ് പഠിച്ചതെന്ന് അറിയാമോ? ആനിമേഷൻ ചിത്ര നിർമ്മാണം, ചിത്രസംയോജനം, ശബ്ദമിശ്രണം ഒക്കെ ഞങ്ങൾ

പരിശീലിച്ചു. പിന്നെ ഈ മാഗസിൻ തന്നെ ഞങ്ങളുടെ പ്രോജക്ടാണ് കേട്ടോ. ഭാഷാകമ്പ്യൂട്ടിങ്ങിൽ ഞങ്ങൾക്ക് പരിശീലനം ലഭിച്ചു. കൂടാതെ സ്കൂളിൽ നടക്കുന്ന പരിപാടികളുടെ documentation ഞങ്ങളുടെ ക്ലബ് സന്തോഷപൂർവ്വം നിർവഹിച്ചുവരുന്നു. സ്കൂളിന്റെ നോട്ടീസ് ബോർഡിൽ മനോഹരചിത്രങ്ങൾ പതിപ്പിച്ചിരുന്നത് ഞങ്ങളായിരുന്നു. സ്ക്രാച്ച് പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം എന്നിവയിലും ഞങ്ങൾ ഒരു കൈ നോക്കി. ഇപ്പോഴിതാ ഞങ്ങൾ ഇലക്ട്രോണിക്സ് ആണ് പഠിക്കുന്നത്.

ഭാവിയിൽ ഈ മേഖലകളിൽ നിന്ന് ഞങ്ങൾക്ക് താല്പര്യമുള്ള ഒന്ന് തെരഞ്ഞെടുക്കാൻ ഈ പഠനം ഞങ്ങളെ സഹായിക്കും എന്നുറപ്പാണ്.



അശ്വതി സാംബശിവൻ

9B

# हिंदी दिवस

पूरे भारत में चौदह सितंबर को हिंदी दिवस मनाते हैं। भारत देश विविध संस्कृतियों, वेशभूषाओं और भाषाओं के होते हुए भी विविधता में एकता का एक अनुपम उदाहरण है। भारतीय भाषाओं में से हिंदी भाषा को भारतीय संविधान में १४ सितंबर १९४९ को देवनागरी लिपि के साथ भारतीय गणतंत्र की औपचारिक भाषा माना गया था। इसका ज़िक्र २६ जनवरी १९५० को पारित हुए भारतीय संविधान के भाग सत्रह के अनुच्छेद ३४३ में भारतीय संघ की राजभाषा के रूप में किया गया है। इस महत्वपूर्ण कार्य को हर क्षेत्र में कायम रखने केलिए राष्ट्रभाषा प्रचार समिति के अनुरोध पर हर वर्ष १४ सितंबर को हिंदी दिवस के रूप में मनाया जाता है।




लेकिन हिंदी को केवल राजभाषा तक सीमित रखना उचित है ? क्या भारतीय जनमानस की इस भाषा को राष्ट्रभाषा का दर्जा पाने का हक नहीं है। हिंदी भारत के अधिकांश लोगों की मातृभाषा है। पर कुछ क्षेत्रीय राष्ट्रवादियों के विरोध के कारण हिंदी भाषा आज भी संघर्ष कर रही है। आजकल लोग केवल अंग्रेज़ी पर ही ध्यान देते हैं। लोगों के बीच उन्हीं लोगों को पढ़ा-लिखा माना जाता है जो अंग्रेज़ी बोल पाते हैं। रोज़गार देनेवाली संस्थाएँ अंग्रेज़ी बोलनेवाले लोगों को प्राथमिकता देते हैं, चाहे हिंदी भाषा बोलनेवाला छात्र कितना ही होशियार क्यों न हो। इंसान को ज्यादा से ज़्यादा भाषाएँ सीखनी चाहिए। लेकिन हिंदुस्तान में जन्म लेकर हमें हिंदी बोलने में शरमाना नहीं चाहिए।

हिंदी है हम वतन है हिंदुस्तान हमारा

देवनागरी है लिपि जिसकी
हर शब्द है प्यारा
लेकिन समय के इन काल घंटों में
मेरी हिंदी माँ का पतन हो गया।

हिंदी दिवस को महज एक दिवस म समझे। राष्ट्रीय एकता व हमारे देश का विकास हम सभी की ज़रूरत है। इसकेलिए सभी को एकसाथ आगे बढ़ना ज़रूरी है। इसकेलिए हिंदी भाषा को उचित सम्मान मिलें, यह अत्यंत आवश्यक है।



अनंतु उदयकुमार

आठवीं कक्षा

# Importance of teachers in our life

In all another profession the teacher's job is very great and no one can become like them. It should be highlight always by students among the teachers. The role of teacher is vital in our life, in society,their profession comes on an upper level.

Teachers exert tremendous vital influence upon the society. The community is entirely depending on the teachers because it is in his hands to create and destroy the society. So it is must necessary by teachers that what will be the future of the community.

The relationship of the teachers with students are not divine as it was before many changes have taken place; a teacher is no longer a selfless Guru.

In modern time teachers important decline by the favouritism of their particular students.

At present the teachers have overcome problems and upload their dignity. Every students must respect the teachers .



Pushpalatha V.R.

Teacher

# स्वतंत्रता दिवस



१५ अगस्त हम भारतवासियों केलिए एक मंगलमय तथा महत्वपूर्ण दिन है। भारत के महान स्वतंत्रता सेनानियों के वर्षों के कड़े संघर्ष के बाद १९४७ को इसी दिन ब्रिटीश शासन से हमें आज़ादी मिली। इस दिन हम उन महान नेताओं के बलिदानों की याद करते हैं, जिन्होंने भारत की आज़ादी केलिए अपनी आहुति दी।

महात्मा गाँधी एक ऐसे महान व्यक्तित्व थे जिन्होंने भारतीयों को अहिंसा का पाठ पढ़ाया था। उन्होंने सत्याग्रह और असहयोग के माध्यम से हमें आज़ादी का रास्ता दिखाया। भारत के कुछ महान स्वतंत्रता सेनानी हैं नेताजी सुभाष चंद्र बॉस, बाल गंगाधर तिलक, लाला लजपत रॉय, भगत सिंह, चंद्रशेखर आज़ाद, पं.जवहर लाल नेहू आदि। अब हमारी जिम्मेदारी है कि हम अपने देश को आगे की ओर ले जाएँ और इसे दुनिया का सबसे अच्छा देश बनाएँ।



श्रीशांत संतोष
आठवीं कक्षा

# അമ്മ

അമ്മയെന്നത് ഒരു സൗഭാഗ്യമാണ്. നമുക്കെല്ലാം ഉള്ള സൗഭാഗ്യം. എന്റെ സുഹൃത്തായും ഗുരുവായും വഴികാട്ടിയായും ഒക്കെ ഞാൻ എന്റെ അമ്മയെ കാണുന്നു . ഞാൻ എന്റെ സങ്കടങ്ങളും സന്തോഷങ്ങളും ആദ്യം പങ്കുവെയ്ക്കുന്നത് അമ്മയോട് തന്നെയാണ്.


ജനിക്കുന്ന കുട്ടി ആദ്യം വിളിക്കുന്നത് അമ്മയെന്നാണ്. അമ്മയേക്കാൾ ഏറെ പ്രധാനമായി ഒന്നുംതന്നെ ഈ ഭൂമിയിലില്ല. എന്നെ ശാസിച്ചും സ്നേഹിച്ചും എന്നും എൻറെ അമ്മ കൂടെയുണ്ടാകും. ഒരമ്മ തന്റെ മക്കൾക്കുവേണ്ടി തന്നെയാണ് ജീവിക്കുന്നത്.

അമ്മ തന്റെ മക്കളെ സംരക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതുപോലെ മക്കളായ നമ്മൾ തിരിച്ചും തന്റെ അമ്മയെ ഏറെ സ്നേഹിക്കണം. അമ്മയുടെ കണ്ണ് നനയാൻ നമ്മൾ ഒരിക്കലും ഇടവരുത്തരുത്. നമ്മളോടുള്ള സ്നേഹത്തെ പ്രതി സ്വന്തം ജീവിതത്തിലെ സന്തോഷങ്ങൾ മറന്നു കളയുന്നവരാണ് എല്ലാ അമ്മമാരും. നമ്മുടെ ജീവിതത്തിലെ നിറമുള്ള നാളുകളിൽ അമ്മയെ നമുക്ക് ചേർത്തുനിർത്താം.... നെഞ്ചോടു ചേർത്ത്.....



അവന്തിക സുനിൽ
9B





# സ്റ്റീഫൻ ഹോക്കിങ്- മൺമറഞ്ഞ ഇതിഹാസം

**" നമ്മൾ ശാസ്ത്രത്തെ അറിയുന്നതിനു മുൻപ് ഈ ബ്രഹ്മാണ്ഡം സൃഷ്ടിച്ചത് ദൈവമാണെന്ന് വിശ്വസിക്കുന്നത് സ്വാഭാവികമാണ് "**

ശാസ്ത്രലോകത്തിന് തീരാനഷ്ടമായിരുന്നു 2018 മാർച്ച് 14 കാലത്തിന്റെ സംക്ഷിപ്ത ചരിത്രം കുറിച്ച അതിമാനുഷനായ ഒരു ശാസ്ത്ര പ്രതിഭ ഈ ലോകത്തോട് വിടപറഞ്ഞു. അദ്ദേഹത്തിൻറെ വാക്കുകളിൽ തന്നെ പറഞ്ഞാൽ" 1942 ജനുവരി എട്ടിന്, ഗലീലിയോ മരിച്ച് കൃത്യം 300 വർഷങ്ങൾക്കു ശേഷമാണ് എന്റെ ജനനം".

പ്രപഞ്ചഘടനയെ കുറിച്ച് പഠിക്കാനാണ് അദ്ദേഹം താൽപര്യം കാണിച്ചിരുന്നത്. എന്നാൽ പഠനകാലത്തുതന്നെ , അതായത് അദ്ദേഹത്തിൻറെ ഇരുപത്തിയൊന്നാം വയസ്സിൽ മോട്ടോർ ന്യൂറോൺ ഡിസീസ് എന്നുവിളിക്കുന്ന, നാഡീവ്യൂഹത്തിനെ തകരാറിലാക്കുന്ന രോഗത്തിന് അദ്ദേഹം അടിമയാകുകയായിരുന്നു. രോഗം തിരിച്ചറിഞ്ഞ ഡോക്ടർമാർ സ്റ്റീഫൻ ഹോക്കിംഗ് ഇനി രണ്ടരവർഷം കൂടിയേ ജീവിച്ചിരിക്കു എന്ന് വിധിയെഴുതി.

പിന്നീട് ലോകം കണ്ടത് അക്ഷരാർത്ഥത്തിൽ ഒരു ഉയർത്തെഴുന്നേൽപ്പായിരുന്നു. തന്നെ ഇത്രയും പ്രശസ്തനായ ശാസ്ത്രജ്ഞനാക്കിയത് ഈ രോഗമാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. രോഗബാധിതനാണെന്ന് അറിഞ്ഞതുമുതൽ അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ പഠനത്തിലേക്കായി. തനിക്ക് അനുവദിച്ച കിട്ടിയിരിക്കുന്ന ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ പ്രപഞ്ചരഹസ്യങ്ങൾ അറിയാൻ അദ്ദേഹം നടത്തിയ ഗവേഷണങ്ങളാണ് പിന്നീട് അദ്ദേഹത്തിന്റെ ജീവൻ പിടിച്ചു നിർത്തിയത്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ, തന്റെ തല, പേശികൾ, കണ്ണ് എന്നിവയുടെ ചലനവുമായി ബന്ധപ്പെടുത്തി വാക്കുകൾ പുറത്തുവരുന്ന പ്രോഗ്രാമുകളുടെ സഹായത്തോടെയാണ് പിന്നീട് അദ്ദേഹം ലോകത്തോട് സംസാരിച്ചത്. എഴുത്തും പ്രഭാഷണവും തുടരുന്നതിനിടെ ശരീരത്തിലെ ഭൂരിഭാഗം പേശികളും പ്രവർത്തനരഹിതമായി. കവിളിലെ പേശികളുടെ നിയന്ത്രണത്തിലൂടെ ഒരു സെൻസർ വഴി വാക്കുകൾ തെരഞ്ഞെടുത്ത് ആയിരുന്നു പിന്നീടുള്ള സംഭാഷണങ്ങൾ.

ശാസ്ത്രലോകം ഐൻസ്റ്റീനിന് ഒപ്പം സ്ഥാനം നൽകിയ മഹാപ്രതിഭയായിരുന്ന സ്റ്റീഫൻ ഹോക്കിംഗ്. ആൽബർട്ട് ഐൻസ്റ്റീന്റെ ആപേക്ഷിക സിദ്ധാന്തത്തിന് ഹോക്കിങ് പുതിയ വിശദീകരണം നൽകി . പ്രപഞ്ചത്തിന്റെ ഉല്പത്തിയെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തി. തമോഗർത്തങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ശ്രദ്ധേയമാണ്. അന്യഗ്രഹങ്ങളിൽ ജീവനുണ്ടോ എന്നന്വേഷിക്കുന്ന <u>"ബ്രേക്ക് ത്രൂ ഇനിഷ്യേറ്റീവ് "</u> എന്ന ഗവേഷണപദ്ധതി ആവിഷ്കരിച്ചു.

ഈ പ്രപഞ്ചത്തിൽ അന്യഗ്രഹജീവികൾ വസിക്കുക സാധ്യമാണെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അവർ ഭൂമിയിലെത്തിയാൽ കൊളംബസ് അമേരിക്കയിലെത്തിയത് പോലെയാകും ഫലം എന്ന് അദ്ദേഹം മുന്നറിയിപ്പുനൽകി. പ്രാദേശികർക്ക് പിന്നീട് ഇവിടെ സ്ഥാനമുണ്ടാകില്ല എന്നർത്ഥം.

ദൈവത്തെക്കുറിച്ച് അദ്ദേഹത്തിൻറെ ചിന്തകൾ വ്യത്യസ്തവും ചിന്തോദ്ദീപകവും ആയിരുന്നു . ഈ ലോകം ശാസ്ത്ര നിയമങ്ങളാൽ നിർമ്മിതമാണെന്നും അതുകൊണ്ടുതന്നെ തനിക്കൊരു ദൈവവിശ്വാസി ആകാനാകില്ലെന്നും അദ്ദേഹം പറഞ്ഞു . ഈ പ്രപഞ്ചം സ്വയം പര്യാപ്തമാണ്, അതിരുകളോ പരിധികളോ ഇല്ല, അപ്പോൾപിന്നെ സ്രഷ്ടാവിന് സ്ഥാനമെവിടെ എന്നാണ് ഹോക്കിങ് ചോദിക്കുന്നത്. പ്രപഞ്ചസൃഷ്ടി ദൈവത്തിന്റേതാണെങ്കിൽ ദൈവികമായ സൃഷ്ടികർമ്മത്തിന് മുൻപ്

ദൈവം എന്തുചെയ്യുകയായിരുന്നു? ഹോക്കിങ്ങിന്റെ ചോദ്യം ഇതായിരുന്നു. കാലത്തിന്റെ ചരിത്രം, സമയം എന്നിവയെക്കുറിച്ചാണ് തന്റെ ജീവിതകാലം മുഴുവൻ അദ്ദേഹം ആശ്ചര്യപ്പെട്ടത്. ശാസ്ത്രത്തിന് ഉത്തരം നൽകാനാകാത്ത വിധം ഭൗതികമായ ഈ പ്രപഞ്ചത്തിൽ ചോദ്യങ്ങൾ ഒന്നുമില്ല എന്നായിരുന്നു അദ്ദേഹം വിശ്വസിച്ചിരുന്നത്.

സ്റ്റീഫൻ ഹോക്കിങ് ഒരു ഇതിഹാസമായി മാറുന്നത് അദ്ദേഹത്തിൻറെ ധിഷണാശക്തി കൊണ്ടുമാത്രമല്ല, തോറ്റുകൊടുക്കാൻ തയ്യാറല്ലാതിരുന്ന ഒരു മനസ്സു കൊണ്ടു കൂടിയാണ്. അദ്ദേഹത്തിൻറെ വാക്കുകളിൽ പറഞ്ഞാൽ,

**" ജീവിതം എത്ര ദുഷ്കരമാണെന്നു തോന്നിയാലും നിങ്ങൾക്ക് വിജയിക്കാനാകുന്ന എന്തെങ്കിലും കാണും നിങ്ങൾ പരാജയം സമ്മതിക്കരുതെന്നു മാത്രം"**



സജിതമോൾ കെ.എൻ.

അധ്യാപിക

# കാഴ്ചകൾ 2018-2019



പ്രവേശനോത്സവവും ഹൈ-ടെക് ക്ലാസ് ഉദ്ഘാടനവും

ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ ജോൺ ഫെർണാണ്ടസ് നിർവഹിക്കുന്നു



## ജൂൺ-5 ലോക പരിസ്ഥിതി ദിനാചരണം






## ഹരിതോത്സവം-പ്രവർത്തനങ്ങൾ





## വായനവാരാചരണം -ശ്രീ എം.വി.ബെന്നി കുട്ടികളോട് സംവദിക്കുന്നു





## ലിറ്റിൽ കൈറ്റ് -ഉദ്ഘാടനം: ശ്രീ പ്രകാശ് വി. പ്രഭു





## യോഗ ദിനം ജൂൺ 19





## സ്കൂൾ അസംബ്ലി






## വിവിധ ക്ലബ്ബുകളുടെ സംയുക്ത ഉദ്ഘാടനം- ശ്രീ പീറ്റർ ജോസ്,സംഗീതജ്ഞൻ





## ചാന്ദ്ര ദിനം



## SSLC വിജയോത്സവവും PTA പൊതുയോഗവും





## കൃഷി ഒരു സംസ്കാരം





## സ്വാതന്ത്ര്യ ദിനാഘോഷം















## ഹിരോഷിമ-നാഗസാക്കി ദിനാചരണം

## അധ്യാപക ദിനാഘോഷം





## പുനരുപയോഗദിനം





## Hello English





## ലോകകപ്പ് ആരവം സ്കൂളിൽ





## വാർഷിക കായികമേള









## കലോത്സവക്കാഴ്ചകൾ





## മലയാളത്തിളക്കം





## കേരളപ്പിറവി-ഭാഷാവാരാചരണം






# സ്കൂൾ ലൈബ്രറി- ക്ലാസ് ലൈബ്രറികൾ














## ഹയർസെക്കന്ററി കെട്ടിടം ഉദ്ഘാടനം, ക്രിസ്തുമസ് ആഘോഷം











# പ്രസാധക സമിതി



# നന്ദി.......

## പുസ്തകത്തിലേക്ക് മനസ്സ് തുറന്ന എല്ലാവർക്കും.....